സഹകരണ വകുപ്പ് ബഡ്ജറ്റ് വിഹിതം

131 (103) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും സഹകരണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി സഹകരണ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും ഈ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ)

വർഷം	പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കാൻ പറ്റാത്തവയുടെ എണ്ണം
2011-12	3	1
2012-13	4	...
2013-14	10	2
2014-15	2	1
2015-16	1	1
ആകെ	20	5

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു.*

(ബി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(സി)

വർഷം	റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ച തുക
2011-12	...
2012-13	1100.00 ലക്ഷം
2013-14	...
2014-15	...
2015-16	...
ആകെ	1100.00 ലക്ഷം

പദ്ധതി വിഹിതം

132 (104) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തേക്കുള്ള പദ്ധതി വിഹിതം എത്ര കോടിയുടേതാണ്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതം എത്രയായിരുന്നു;

(സി) ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) മേൽപറഞ്ഞ വർഷങ്ങളിൽ പദ്ധതി തുക ഇനത്തിൽ പിൻവലിച്ച തുകയിൽ ഇപ്പോഴും ചെലവഴിക്കാതെ ട്രഷറിയിൽ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന തുക മൊത്തം എത്ര കോടിയാണ്;

(ഇ) കേന്ദ്രസഹായം, സംസ്ഥാന നികുതി വരുമാനം തുടങ്ങി ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം അധിക വരുമാനം പ്രതീക്ഷിച്ചുകൊണ്ടാണ് 2016-17 ലെ പദ്ധതി തുക വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly